## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :8148

24.07.2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

### വ്യവസായ പാർക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) മണ്ഡലംതോറും വ്യവസായപാർക്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | : | (എ) വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ ചേലക്കര നിയോജക മണ്ഡലത്തിൽപ്പെട്ട വരവൂർ വില്ലേജിൽ 08.285 ഹെക്ടർ സ്ഥലം അക്വയർ ചെയ്യുന്നതിനായി 194 ലക്ഷം രൂപ വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും തൃശ്ശൂർ ജില്ലാ കലക്ടർക്ക് നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.<br><br>സിഡ്കോയുടെ നിയന്ത്രണത്തിൽ കഴക്കൂട്ടം നിയമസഭാമണ്ഡലത്തിലെ പൗണ്ട്കടവ്, ചെറുവയ്ക്കൽ, ചിറയിൻകീഴ് നിയമസഭ മണ്ഡലത്തിലെ കഠിനംകുളം, വടക്കാഞ്ചേരി നിയമസഭാമണ്ഡലത്തിലെ എരുമപ്പെട്ടി, കൊടുവള്ളി നിയമസഭാമണ്ഡലത്തിലെ കട്ടിപ്പാറ, താമരശ്ശേരി, പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോംവയക്കര എന്നിവിടങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.<br><br>കെ.എസ്.ഐ.ഡി.സി യുടെ നിയന്ത്രണത്തിൽ പുരോഗതിയിലുള്ള പദ്ധതികൾ ഇവയാണ്.<br><br>(i) നാദാപുരത്ത് മെഡിസിനൽ & ഹെൽത്ത് കെയർ ഇൻഡസ്ട്രീയൽ പാർക്ക് സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>(ii) കൊടുങ്ങല്ലൂരിലെ വല്ലിവട്ടത്ത് ഒരു ഫുഡ് ആന്റ് നാച്വറൽ ഫൈബർ പാർക്ക് തുടങ്ങുന്നതിന് സർക്കാർ 1 കോടി രൂപ 2011 ൽ അനുവദിച്ചു. കെ.എസ്.ഐ.ഡി.സി ഈ പദ്ധതിയ്ക്ക് 100 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി ഒരു ഡി.പി.ആർ തയ്യാറാക്കുകയും പ്രസ്തുത പ്രോജക്ടിന് ഏകദേശം 140 കോടി രൂപ |

വരുമെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത പ്രോജക്ടിനായി നബാർഡിന്റെ ധനസഹായവും ആവശ്യപ്പെട്ടിട്ടുണ്ട്.

(iii) കെ.എസ്.ഐ.ഡി.സിയുടെ കീഴിൽ കുറ്റ്യാടിയിൽ ഒരു കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി 115 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

കിൻഫ്രായുടെ നിയന്ത്രണത്തിൽ പയ്യന്നൂരിൽ Public Works Department മായി ചേർന്ന് സംയുക്ത സംരംഭമായി ഒരു റൂറൽ അപ്പാരൽ പാർക്ക് പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ബേപ്പൂരിൽ സ്ഥാപിക്കുന്ന മറൈൻ പാർക്കിന്റെ ഒന്നാംഘട്ട വികസനം പൂർത്തിയായിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാജകുമാരിയിൽ റൂറൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മലമ്പുഴ, പുതുപ്പള്ളി, കാസറഗോഡ് എന്നിവിടങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ നിന്നും വ്യവസായപാർക്കിനായി തെരഞ്ഞെടുത്ത പഞ്ചായത്ത് ഏതാണ്; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

(ബി) ഉടുമ്പൻചോല മണ്ഡലത്തിലെ രാജകുമാരി പഞ്ചായത്തിലാണ് വ്യവസായ പാർക്കിനായി സ്ഥലം തെരഞ്ഞെടുത്തത്. ഇവിടെ സ്ഥാപിക്കുന്ന റൂറൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പാർക്കുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന 60000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ (SDF) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ